മലയാളത്തിന്റെ പ്രിയ കഥാകാരൻ
**ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്**
നിങ്ങളുമായി സംവദിക്കുന്നു

# ശിഹാബ്ക്കയോട് ചോദ്?ക്കാം

**ലോക**പിതാവായ ആദമിന്റെയും ഹവ്വയുടെയും മക്കളാണല്ലോ നാം എല്ലാവരും. അവരുടെ സന്താനപരമ്പര ഇങ്ങനെ തുടരവേ, പിന്നെങ്ങനെയാണ് ഒരുകൂട്ടർ മലയാളികൾ, തമിഴർ, കന്നടക്കാർ, ബ്രിട്ടീഷുകാർ എന്നിങ്ങനെ തിരിഞ്ഞത്? ഇത്തരം വിഭാഗീയതകൾ അപകടമല്ലേ?

**സാദിയ അഫ്രിൻ**
എസ്.വി.വി.ഇ.എം.എച്ച്.എസ്
അടിമാലി, ഇടുക്കി

ലോകം ഇങ്ങനെ പരന്നു കിടക്കുകയല്ലേ. അതിൽ എഴുന്നൂറ് കോടിയിലേറെ മനുഷ്യർ. പല രാജ്യങ്ങൾ, പല മനുഷ്യർ, പലപല ഭാഷകൾ. പ്രകൃതിക്ക് മുന്നോട്ട് പോകാൻ ഈ വ്യത്യാസങ്ങൾ ആവശ്യമാണ്, സാദിയാ.

കേരളം എന്ന കൊച്ചു സ്ഥലം. അതിലെ എല്ലാ മനുഷ്യർക്കും ഒരേ മുഖഛായയാണെന്ന് ഒന്ന് സങ്കൽപ്പിച്ചു നോക്കൂ. ബോറടിക്കില്ലേ? തിന്നാൻ ചോറ് മാത്രമേയുള്ളൂ എന്ന് വിചാരിക്കുക. കറിയും പൊരിച്ചതും വറുത്തതുമെല്ലാം ചോറ്! മടുക്കില്ലേ..? മടുക്കാതെ മുന്നോട്ട് പോകാൻ കുറച്ച് കഠിനാധ്വാനം പ്രകൃതി നമുക്കായി ഒരുക്കുന്നുണ്ട്. അതിലൊന്നാണ് ഈ മനുഷ്യ വ്യത്യാസങ്ങൾ.



# ശിഹാബ്ക്കയോട് ചോദിക്കാം

നിങ്ങളുടെ ചോദ്യങ്ങളും സംശയങ്ങളും ശിഹാബ്ക്കയുമായി പങ്കുവെക്കുക. ക്ലാസ്, സ്കൂൾ, ഫോൺനമ്പർ എന്നിവ ചേർക്കാൻ മറക്കരുത്.

കത്തുകൾ അയക്കേണ്ട വിലാസം:
ശിഹാബ്ക്കയോട് ചോദിക്കാം.
മലർവാടി മാസിക, ഐ.എസ്.ടി ബിൽഡിംഗ്,
വെള്ളിമാട്കുന്ന്, കോഴിക്കോട്-12. കൂടാതെ
malarvadimag@gmail.com
എന്ന ഇമെയിലിലും 8281572448
എന്ന വാട്സാപ് നമ്പറിലും അയക്കാം.

ആ വ്യത്യാസത്തിന്റെ പേരിൽ വിഭാഗീയതകൾ ഉണ്ടാക്കുന്നത് ബുദ്ധി കുറഞ്ഞവരോ ബുദ്ധിക്ക് സുഖമില്ലാത്തവരോ ആണ്. സ്നേഹം ഒരു ശീലമാക്കി വളർത്തിയെടുത്താൽ മാത്രം മതി കുറേ പ്രശ്നങ്ങൾ ഇല്ലാതാകും. അതെങ്ങനെ സാധ്യമാകും? സാദിയയെപ്പോലെയുള്ള നല്ല കുട്ടികൾ അതേപ്പറ്റി ആലോചിക്കണം. ചർച്ച ചെയ്യണം.



മിക്ക കവികളും, കഥാകാരന്മാരും അവരുടെ ഏതെങ്കിലും ഒരു കൃതിയിൽ 'മഴ'യെ കുറിച്ച് എഴുതിയിട്ടുണ്ടാകും. എന്തു കൊണ്ടാണ് എഴുത്തുകാർ മഴയെ സ്നേഹിക്കുന്നത്?

**ഫിദ ഹനാൻ**
ജി.കെ.എം.എച്ച്.എസ്.എസ്
മാനന്തവാടി, വയനാട്

നല്ല രസമുള്ള ചോദ്യമാണല്ലോ. നമ്മുടെ പഞ്ചേന്ദ്രിയങ്ങളെ ഇങ്ങനെ ഉണർത്തുന്ന ഏതെങ്കിലും പ്രതിഭാസം ഈ ഭൂമിയിലുണ്ടോ എന്നാണ് ഞാൻ ആദ്യം ചിന്തിച്ചത്.

കാണാം മഴയെ.

എന്തെല്ലാം സ്വഭാവമുള്ള മഴ!

എന്തെല്ലാം ഭാവമാണ് മഴക്ക്.. പുഞ്ചിരിക്കുന്ന മഴ മുതൽ ചവിട്ടിപ്പൊളിക്കുന്ന മഴ വരെ!

തൊടാം മഴയെ.

കൈയൊന്ന് നീട്ടിക്കൊടുത്താൽ പൂമ്പൊടി പോലെ വന്ന് വീഴുന്ന മഴ മുതൽ തുള്ളിക്കൊരു കുടം വീഴുന്നത്ര കനത്തിൽ നമ്മളെ സ്പർശിക്കുന്ന മഴ. ഗന്ധവുമുണ്ട് പുതുമഴക്ക്. മഴ വെള്ളത്തിന് രുചിയുമുണ്ട്.

ഇങ്ങനെയൊക്കെയുള്ള മഴയെപ്പറ്റി കവികൾ എഴുതിപ്പോയില്ലെങ്കിലല്ലേ അൽഭുതമുള്ളൂ..

എഴുത്തുകാർ പ്രകൃതിയുടെ ഭാവപ്പകർച്ചകളിൽ മനുഷ്യഭാവങ്ങളെ കാണുന്നു. അതെല്ലാം വ്യത്യസ്തവുമാണ്. പ്രശസ്ത കവയിത്രി സുഗതകുമാരി എഴുതിയ 'രാത്രിമഴ' പോലെയല്ല കെ. സച്ചിദാനന്ദൻ മാഷ് മഴയുടെ നാനാർത്ഥങ്ങൾ എഴുതിയത്. ടി പത്മനാഭന്റെ കഥകളിലെ മഴ മറ്റൊന്നാണ്. മഴയിൽ നവരസങ്ങളുണ്ട്.

മഴ പെയ്യുന്നത് കാണാൻ മിക്കപേർക്കും നല്ല സന്തോഷമാണ്, അല്ലേ.... നല്ല കാര്യം തന്നെ!

ഇടക്കൊരു കാര്യം കൂടി പറയട്ടെ: മഴ പെയ്യുമ്പോൾ ചോരുന്ന കൂരയുമായി വേദനിച്ച് കഴിയുന്നവരുണ്ട് നമ്മുടെ സമൂഹത്തിൽ. അനേകലക്ഷം മനുഷ്യർ പീടികത്തിണ്ണയിലും മറ്റും ചാറ്റൽ മഴ കൊണ്ട് കിടക്കുന്നുണ്ട്. അവരെപ്പറ്റിയും നമ്മൾ ഓർക്കണം. അവർക്കുവേണ്ടി നമുക്കെന്തൊക്കെ ചെയ്യാൻ പറ്റുമെന്നും ചിന്തിക്കണം.

താങ്കൾ എഴുത്തുകാരനെന്ന നിലയിൽ പുതുതലമുറയോട് പ്രത്യേകം ചൂണ്ടി പറയാനുള്ള എന്തെങ്കിലും സന്ദേശങ്ങളുണ്ടോ?

**ഫർഹ കെ.**
ജി.ജി.എച്ച്.എസ്.എസ്. വാഴക്കാട്

എഴുത്തുകാർ നല്ല ലോകത്തെ ഭാവന കാണുന്നവരാണ്. അവർ നല്ല മനുഷ്യർ കൂടി ആവുമ്പോൾ അവരെ കാണാൻ നല്ല രസമാണ്. .